**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ലൈഫ് പദ്ധതിയിലും പി.എം.എ.വൈ. പദ്ധതിയിലും ഉൾപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് അവരുടെ ഭൂമി ഏലപ്പട്ടയത്തിൽ ഉൾപ്പെടുന്നു എന്നത് ചൂണ്ടിക്കാട്ടി വീട് പണിയുന്നതിന് റവന്യൂ വകുപ്പ് എൻ.ഒ.സി. അനുവദിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ ഏലപ്പട്ടയ ഭൂമിയിൽ നിലവിലുണ്ടായിരുന്ന വാസയോഗ്യമല്ലാത്തതും സുരക്ഷിതമല്ലാത്തതുമായ വീടുകൾ പൊളിച്ച് മാറ്റിയിട്ട് ഇപ്രകാരം പ്രതിസന്ധിയിലായവർക്ക് ലൈഫ് പദ്ധതിയിൽ വീട് പണിയുന്നതിന് റവന്യൂ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; | (ബി) | പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | അർഹരായിട്ടുള്ള എല്ലാ ഭവനരഹിതർക്കും വീട് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം സംസ്ഥാനത്തെ അർഹരായിട്ടുള്ള എല്ലാ ഭൂമിയുള്ള ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും അടച്ചുറപ്പുള്ള വീട് നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ